(സി) അതിൽ എത്ര പേർ തിരിച്ചു വന്നിട്ടുണ്ട്;

(ഡി) ഐ.എ.എസ്., ഐ.പി.എസ്. സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ വന്നതിനുശേഷം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെതിരെ; എന്തിനെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 99 ഐ.എ.എസ്. ഉദ്യോഗസ്ഥരുണ്ട്. കേരളത്തിൽ ഐ.എ.എസ്. ഓഫീസർമാർക്കായി 126 സീനിയർ ഡ്യൂട്ടി തസ്തികകളും 31 സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ തസ്തികകളും 20 ജൂനിയർ റിസർവ് /ലീവ് റിസർവ് തസ്തികകളുമുൾപ്പെടെ ആകെ 177 തസ്തികകളാണ് നീക്കിവച്ചിട്ടുള്ളത്. കേരളത്തിൽ ഇപ്പോൾ 92 ഐ.പി.എസ്. ഓഫീസർമാരുണ്ട്. കേരളത്തിലെ ഐ.പി.എസ്. ഓഫീസർമാർക്കായി 89 സീനിയർ ഡ്യൂട്ടി തസ്തികകളും 22 സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ തസ്തികകളും 14 ജൂനിയർ റിസർവ്/ലീവ് റിസർവ് തസ്തികകളുമുൾപ്പെടെ ആകെ 125 തസ്തികകളാണ് നീക്കിവച്ചിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31 IAS ഉദ്യോഗസ്ഥരും 14 IPS ഉദ്യോഗസ്ഥരും കേന്ദ്രത്തിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാറിപ്പോയിട്ടുണ്ട്.

(സി) അതിൽ ആരും തന്നെ തിരിച്ചു വന്നിട്ടില്ല.

(ഡി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സിവിൽ സർവ്വീസ് കേഡറിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയവർ

32(36) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സർവ്വീസ് കേഡറിൽ നിന്ന് എത്ര ഉദ്യോഗസ്ഥർ കേന്ദ്രത്തിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരാണ് വേണ്ടത്; ഇതിൽ എത്ര ഒഴിവുകളുണ്ട് ?

ഉത്തരം

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം അഖിലേന്ത്യാ സിവിൽ സർവ്വീസ് കേഡറിൽ നിന്ന് 31 IAS ഉദ്യോഗസ്ഥരും 14 IPS ഉദ്യോഗസ്ഥരും 7 IFS ഉദ്യോഗസ്ഥരും കേന്ദ്രത്തിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ 231 ആണ്. നിലവിൽ സംസ്ഥാനത്ത് 78 ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ട്. ഐ.പി.എസ്. കേഡറിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ 163 ആണ്. നിലവിൽ സംസ്ഥാനത്ത് 40 ഉദ്യോഗസ്ഥരുടെ കുറവുണ്ട്. ഐ.എഫ്.എസ്. കേഡറിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ 102 ആണ്. നിലവിൽ സംസ്ഥാനത്ത് 27 ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

കോടതിഭാഷ മലയാളത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

33(37) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതിഭാഷ മലയാളത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കോടതികൾക്ക് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) കോടതിവ്യവഹാരഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് 19-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 223/2013/നിയമം അനുസരിച്ച് ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി വിപുലീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിവരം സംബന്ധിച്ചുള്ള തുടർനടപടികൾ ആഭ്യന്തരവകുപ്പും നിയമവകുപ്പും സ്വീകരിച്ചുവരികയാണ്. ടി സമിതിയുടെ ആദ്യയോഗം 12-5-2014-ൽ ചേരുകയും കേരള ഹൈക്കോടതിയുടെ കീഴിലുള്ള സിവിൽ/ക്രിമിനൽ കോടതികളിൽ വിധിന്യായം എഴുതുന്നത് സംബന്ധിച്ച് 1973-ൽ ആഭ്യന്തരവകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം ഫലപ്രദമായി പാലിക്കപ്പെടുന്നതിലേക്കായി ടി വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. എന്നാൽ 2014-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ അടിയന്തരമായി നിയമമാക്കുന്ന കാര്യം സജീവ പരിഗണനയിലായതിനാൽ 1973-ലെ വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ലാത്തതാണ്.

(സി) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീംകോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നിയമവകുപ്പിൽ സ്വീകരിച്ചുവരുന്നു. കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്വെയർ സ്ഥാപിക്കുന്നതും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly